ഉത്തരം

(എ) ഉണ്ട്.

(ബി) ഈ മരണത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യാൻ ക്രൈംബ്രാഞ്ച് വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പാപ്പു എന്ന ലോറി ഡ്രൈവറെ കൊല ചെയ്തതായി കേസ്

155. [216] ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈരാറ്റുപേട്ട പോലീസ് സ്റ്റേഷൻ അതിർത്തിയിൽ 1985-ൽ പാപ്പു എന്ന ലോറിഡ്രൈവറെ വീട്ടിൽ അതിക്രമിച്ച് കയറി കൊല ചെയ്തതായി കേസ് ഉണ്ടായിട്ടുണ്ടോ ;

(ബി) പ്രതികളെ അറസ്റ്റ് ചെയ്തോ ;

(സി) അറസ്റ്റ് ചെയ്തിട്ടില്ലെങ്കിൽ കാരണമെന്ത് ;

(ഡി) ടി കേസ് സംബന്ധമായി ആരെയെങ്കിലും പോലീസ് സംശയിച്ച് ക്രിമിനൽ ഡയറിയിൽ എടുത്തിട്ടുണ്ടോ ;

(ഇ) ഇപ്പോഴും കേസിന്റെ അന്വേഷണം നടക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി,സി,ഡി,ഇ) ക്രൈംബ്രാഞ്ച് അന്വേഷിച്ചുവരുന്നു.

പാണ്ടിക്കോട് ഉമ്മർ കൊലക്കേസ്

156. [217] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പാണ്ടിക്കോട് ഉമ്മർ കൊലക്കേസ്സിനെക്കുറിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം പൂർത്തിയായോ ;

(ബി) പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ,ബി) ക്രൈംബ്രാഞ്ചിന്റെ അന്വേഷണം ഊർജ്ജിതമായി തുടരുകയാണ്. പ്രതികളെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

സഫിയയുടെ സംശയകരമായ മരണം

157. [218] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ മേപ്പയൂരിലെ സഫിയയുടെ സംശയകരമായ മരണത്തെക്കുറിച്ചുള്ള ക്രൈംബ്രാഞ്ച് അന്വേഷണ റിപ്പോർട്ട് കിട്ടിയോ ?

ഉത്തരം

ഇല്ല.

ആത്മഹത്യയും കൊലപാതകങ്ങളും

158. [221] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1985ഫെബ്രുവരി 28 വരെ സംസ്ഥാനത്ത് എത്ര ആത്മഹത്യകളും കൊലപാതകങ്ങളും നടന്നിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly